(സി) രാഷ്ട്രീയ പാർട്ടികളുടെ ഇടപെടൽ കൊണ്ട് മാത്രമായി പച്ചക്കറി ഉത്പാദനത്തിൽ വന്ന വർദ്ധനയുടെ വിവരങ്ങൾ ലഭ്യമല്ല.

(ഡി) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 8.25 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 15.32 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. 2012-13-ൽ 9.11 ലക്ഷം മെട്രിക് ടണ്ണായും 2013-14-ൽ 11.9 ലക്ഷം മെട്രിക് ടണ്ണായും 2014-15-ൽ 15.32 ലക്ഷം മെട്രിക് ടണ്ണായും പച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്.

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത

152 (2986) ശ്രീ. പി. എ.മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറിയുടെ തോത് പരമാവധി കുറച്ച് വിഷമുക്തമായ പച്ചക്കറികൾ സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിച്ച് പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുക എന്ന ലക്ഷ്യമാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുക വഴി ഉദ്ദേശിക്കുന്നത്. പച്ചക്കറിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാനും വിഷമുക്തമായ പച്ചക്കറി ഉത്പാദിപ്പിക്കാനും പദ്ധതി കൊണ്ട് കഴിഞ്ഞിട്ടുണ്ട്. കൃഷിക്കാർക്ക് ന്യായമായ വില ലഭ്യമാക്കാനും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനും അതുവഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണതലത്തിൽ 2012-13-ൽ 4400 ലക്ഷം രൂപയും, 2013-14-ൽ 5625 ലക്ഷം രൂപയും, 2014-15 സാമ്പത്തികവർഷത്തിൽ 6400 ലക്ഷം രൂപയും അനുവദിക്കുകയും 2015-16-ൽ 6400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ(ആർ.കെ.വി.വൈ.) ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ ഇറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 15000 രൂപ സബ്സിഡി നൽകിക്കൊണ്ട് 4357.33 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കി വരുന്നു.

കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡെവലപ്മെന്റ് പദ്ധതി പ്രകാരം വീടുകളിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ് പദ്ധതി' നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി 'ഹരിതനഗരി പദ്ധതി'എന്നീ പദ്ധതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കി വരുന്നു.

കർഷകരുടെ ഉത്പന്നങ്ങൾ നേരിട്ട് വിൽക്കാനുള്ള സംവിധാനം

153 (2987) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽ നിന്ന് ഉത്പന്നങ്ങൾ നേരിട്ട് സംഭരിച്ച് ഇടനിലക്കാരുടെ ചൂഷണമില്ലാതെ വിറ്റഴിക്കാനുള്ള സംവിധാനങ്ങൾക്ക് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly